8687
22/9/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

2018 മൺസൂണിന് ശേഷം സംസ്ഥാനത്ത് തിരുവനന്തപുരം ,കൊല്ലം , ആലപ്പുഴ , എറണാകുളം , തൃശ്ശൂർ , കോഴിക്കോട്, മലപ്പുറം , കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ രൂക്ഷമായ കടലാക്രമണത്തിൽ മത്സ്യ ബന്ധന യാനങ്ങൾക്കും വലകൾ ഉൾപ്പടെയുള്ള മത്സ്യ ബന്ധന ഉപകരണങ്ങൾക്കും സംഭവിച്ച നാശ നഷ്ടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) വകുപ്പ്

G.O.(Rt) No.2790/2020/RD തീയതി,തിരുവനന്തപുരം, 06-09-2020

---

പരാമർശം:- മത്സ്യ ബന്ധന തുറമുഖ (ബി) വകുപ്പിന്റെ 27-08-2020 ലെ സ.ഉ (കൈ) നം 15/2020/മ.തു.വ ഉത്തരവ്

<u>ഉത്തരവ്</u>

പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി , 2018 മൺസൂണിന് ശേഷം സംസ്ഥാനത്ത് തിരുവനന്തപുരം ,കൊല്ലം , ആലപ്പുഴ , എറണാകുളം , തൃശ്ശൂർ , കോഴിക്കോട്, മലപ്പുറം , കണ്ണൂർ , കാസർഗോഡ് എന്നീ ജില്ലകളിൽ രൂക്ഷമായ കടലാക്രമണത്തിൽ മത്സ്യ ബന്ധന ഉപകരണങ്ങൾക്കുണ്ടായ നാശ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി യാനങ്ങൾക്കും ഉപകരണങ്ങൾക്കുമുണ്ടായ പൂർണ്ണമായ നാശ നഷ്ടങ്ങൾക്ക് ആകെ 51,49,611 രൂപയും ( അൻപത്തിയൊന്ന് ലക്ഷത്തി നാൽപത്തി ഒൻപതിനായിരത്തി അറുനൂറ്റി പതിനൊന്ന് രൂപ മാത്രം) ഭാഗികമായ നാശ നഷ്ടത്തിന് ആകെ 2,40,71,408/-രൂപ (രണ്ട് കോടി നാൽപ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നാനൂറ്റി എട്ട് രൂപ മാത്രം) ഉൾപ്പടെ ആകെ 2,92,21,019 രൂപ ( രണ്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി പത്തൊൻപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന ആകെ 2,92,21,019 രൂപ ( രണ്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി പത്തൊൻപത് രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 നമ്പർ അക്കൗണ്ടിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് അനുവദിക്കേണ്ടതാണ്. ഈ തുക യാതൊരു കാരണവശാലും വക മാറ്റി

ചെലവഴിക്കാൻ പാടുള്ളതല്ല. കൂടാതെ തുക വിനിയോഗം സംബന്ധിച്ച് മത്സ്യ ബന്ധന തുറമുഖ വകുപ്പ് മോണിട്ടർ ചെയ്യേണ്ടതും വിനിയോഗിക്കാതെ ശേഷിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SANTHOSH KUMAR T K
JOINT SECRETARY

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മത്സ്യ ബന്ധന തുറമുഖ [illegible] 15 2020/ മ.തു.വ
പ്രകാരം )
റവന്യൂ (ഡിആർഎഫ്-ബി) സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ